II ഇ.ബി. XIII-കേരള നിയമസഭ/XII-1

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 1, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) മദ്യനിരോധനത്തെ തുടർന്നുള്ള കരുതൽ നടപടികൾ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കഞ്ചാവിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യാജമദ്യ നിർമ്മാണവും വില്പനയും തടയുന്നതിന് ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഫലപ്രദമായ

നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കഞ്ചാവിന്റെയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും കടത്തും വില്പനയും തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ റെയ്ഡുകളും വാഹന പരിശോധനകളും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെക്കുപോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുപുറമേ റെയിൽവെ സ്റ്റേഷനുകൾ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തിവരുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടുവരുന്നതും തടയുന്നതിന് അവരുടെ താമസസ്ഥലങ്ങളിലും ജോലി സ്ഥലങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നതിനുപുറമേ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കള്ളുചെത്ത് വ്യവസായത്തെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട്

അടുത്ത പത്ത് വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യം വച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ അടിസ്ഥാന നയത്തിൽ മാറ്റംവരുത്താതെ, മദ്യനയം ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ പതിനൊന്ന് ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്കായി ഒരു കോടിയോളം രൂപ അനുവദിക്കുകയും ആദ്യഗഡു വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലുമുള്ള ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഘട്ടംഘട്ടമായി നിറുത്തലാക്കുന്നതാണെന്നും മദ്യത്തിന്റെ ലഭ്യത കുറച്ചതോടൊപ്പം നികുതി വർദ്ധിപ്പിച്ചതിന്റെ ഫലമായി ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവന ചെയ്യുന്നതെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

2 (*2) <u>മദ്യനിരോധനം</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ,

മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ മദ്യവർജ്ജനത്തിലൂന്നിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ ആരോഗ്യ സാമൂഹ്യപ്രശ്നങ്ങൾ ഗൗരവത്തോടെ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് മദ്യനയം രൂപീകരിച്ചിട്ടുള്ളത്. ബാറുകൾ അടച്ചുപൂട്ടിയതുമൂലം മദ്യത്തിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ട്. വ്യാജമദ്യത്തിനെതിരെ അതിർത്തിപ്രദേശങ്ങളിൽ പരിശോധന കർശനമാക്കുന്നതിന് എക്സൈസ് വകുപ്പിനും പോലീസിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മദ്യ ഉല്പാദന കേന്ദ്രങ്ങൾ ഒന്നുംതന്നെ ഇപ്പോൾ അടച്ചുപൂട്ടിയിട്ടില്ലെങ്കിലും അവയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷകളൊന്നും അനുവദിച്ചിട്ടില്ല. അടച്ചുപൂട്ടിയ ബാറുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ടെന്നും ക്രിസ്തുമസും പുതുവത്സരവും പ്രമാണിച്ച് അവർക്ക് പതിനായിരം രൂപ വീതവും ആത്മഹത്യ ചെയ്ത പത്ത് തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും സാമ്പത്തിക സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 340 വരെയുള്ള ചോദ്യങ്ങളിൽ 161 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)